2025 MAY
01
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## വിഴിഞ്ഞംതുറമുഖം

# പ്രധാനമന്ത്രി നാളെ രാജ്യത്തിന് സമർപ്പിക്കും



**തിരുവനന്തപുരം:** കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നതിനായി വ്യാഴാഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദി തിരുവനന്തപുരത്തെത്തും. വെള്ളിയാഴ്ച രാവിലെ 11ന് തുറമുഖത്ത് തയ്യാറാക്കിയ പ്രത്യേകവേദിയിൽ പൂർണതോതിൽ പ്രവർത്തനമാരംഭിച്ച തുറമുഖത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ രാജേന്ദ്ര ആർലേക്കർ, കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രി വി.എൻ. വാസവൻ, ശശി തരൂർ എംപി, അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി തുടങ്ങിയവർ പങ്കെടുക്കും.

വ്യാഴാഴ്ച വൈകീട്ട് 7.50ന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന പ്രധാനമന്ത്രി നേരേ രാജ്ഭവനിലേക്ക് പോകും. വെള്ളിയാഴ്ച രാവിലെ 9.30ന് രാജ്ഭവനിൽനിന്ന് പാങ്ങോട് സൈനികകേന്ദ്രത്തിലേക്കും അവിടെനിന്ന് ഹെലികോപ്റ്ററിൽ വിഴിഞ്ഞം തുറമുഖത്തുമെത്തും.

10.30ന് വിഴിഞ്ഞത്തെത്തുന്ന പ്രധാനമന്ത്രി എംഎസ്‌സി സെലസ്റ്റിനോ മരസ്കാ എന്ന മദർഷിപ്പിനെ സ്വീകരിക്കും. തുടർന്ന് തുറമുഖം സന്ദർശിച്ച ശേഷമായിരിക്കും പൊതുസമ്മേളനത്തിൽ പങ്കെടുക്കുക.

തിരികെ ഹെലികോപ്റ്ററിൽ പാങ്ങോട് എത്തി രാജ്ഭവനിലേക്ക് പോകും. 12.30ന് ഹൈദരാബാദിലേക്കു പോകും.

## ഇന്ത്യൻ ബാങ്കിന് 1.61 കോടിയുടെ പിഴ ചുമത്തി റിസർവ്വ് ബാങ്ക്; മഹീന്ദ്രയുടെ ധനകാര്യസ്ഥാപനത്തിനും പിഴ

**ന്യൂദൽഹി:** റിസർവ്വ് ബാങ്ക് നിയന്ത്രണങ്ങൾ പാലിച്ചില്ലെന്ന് ആരോപിച്ച് ഇന്ത്യൻ ബാങ്കിനും മഹീന്ദ്ര ആൻറ് മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസിനും പിഴയിട്ടു. ഇന്ത്യൻ ബാങ്കിന് 1.61 കോടിയും മഹീന്ദ ആൻറ് മഹീന്ദ്ര് ഫിനാൻഷ്യൽ സർവ്വീസസിന് 71.30 ലക്ഷവും ആണ് പിഴ ഈടാക്കിയത്.

റിസർവ്വ് ബാങ്ക് മുന്നോട്ട് വെച്ച നിരവധി ബാങ്കിംഗ് നിയന്ത്രണങ്ങൾ പാലിക്കുന്നില്ല എന്നതാണ് പരാതി. കിസാൻ ക്രെഡിറ്റ് കാർഡ് സ്കീം, മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങൾക്ക് വായ്പ നൽകൽ എന്നിവയിൽ കൃത്യമായ റിസർവ് ബാങ്ക് നിർദേശങ്ങൾ പാലിക്കുന്നതിൽ ബാങ്ക് വീഴ്ച വരുത്തിയിട്ടുണ്ട്. അതുപോലെ ബാങ്ക് നൽകിയ ചില ഹ്രസ്വകാലവായ്പകൾക്കുള്ള പലിശയുടെ കാര്യത്തിൽ റിസർവ്വ് ബാങ്ക് നിർദേശങ്ങൾ പാലിച്ചില്ലെന്നും കണ്ടെത്തിയിരുന്നു. എല്ലാ കുറ്റങ്ങളുടെയും പേരിൽ 1.61 കോടി രൂപയാണ് പിഴയിട്ടത്.

ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കുള്ള ചില നിർദേശങ്ങൾ പാലിച്ചില്ലെന്ന കുറ്റമാണ് മഹീന്ദ്ര ആൻറ് മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസസിനെതിരെ റിസർവ്വ് ബാങ്ക് ചൂണ്ടിക്കാട്ടുന്നത്.

## എടിഎം കൗണ്ടർ വഴിയുള്ള ഒരോ അധിക ബാങ്കിടപാടിനും 23 രൂപ നൽകണം

**ന്യൂദൽഹി:** എടിഎം കൗണ്ടർ വഴി പണം പിൻവലിക്കുന്നതിന് ഉപഭോക്താക്കൾ നൽകേണ്ട നിരക്കുകൾ റിസർവ് ബാങ്ക് വർദ്ധിപ്പിച്ചു. പണം പിൻവലിക്കാനുള്ള സൗജന്യ ഇടപാടുകൾക്ക് ശേഷമുള്ള ഓരോ ഇടപാടിനും മേയ് ഒന്നാം തീയതി മുതൽ അത് 23 രൂപയാകും.

നിലവിൽ 21 രൂപയാണ് നൽകുന്നത്. ബാങ്കുകളുടെ അഭ്യർഥന മാനിച്ചാണ് ആർബിഐ നിരക്ക് വർധനന നടപ്പാക്കിയത്. എടിഎം നടത്തിപ്പിനും സെക്യൂരിറ്റിക്കും ചിലവ് വർദ്ധിച്ചുവെന്നാണ് ബാങ്കുകൾ പറയുന്നത്.അക്കൗണ്ടുള്ള ബാങ്കുകളുടെ എടിഎമ്മിൽ നിന്ന് അഞ്ച് തവണയും മറ്റ് ബാങ്കുകളുടെ എടിഎമ്മിൽ നിന്ന് മൂന്ന് തവണയും (മെട്രോ അല്ലാത്ത നഗരങ്ങളിൽ ഇത് അഞ്ച് തവണയും) പണം സൗജന്യമായി പിൻവലിക്കാനുള്ള അനുമതി തുടരും.



## പാക്കിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യയിൽ വിലക്ക്; വ്യോമാതിർത്തി അടച്ചു

**ന്യൂഡൽഹി:** പാക്കിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിന് വിലക്ക്. പാക്കിസ്ഥാൻ എയർലൈൻസ് വിമാനങ്ങൾക്ക് ഇനി ഇന്ത്യയ്ക്ക് മുകളിലൂടെ പറക്കാനാകില്ല. യാത്ര, സൈനിക വിമാനങ്ങൾക്ക് ഇന്ത്യയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകേണ്ടെന്നാണ് കേന്ദ്രസർക്കാരിന്റെ തീരുമാനം. അതേസമയം, പാക്കിസ്ഥാൻ വഴിയെത്തുന്ന വിദേശ വിമാന സർവീസുകൾക്ക് തടസമുണ്ടാകില്ല.

ഇന്ത്യൻ വിമാനങ്ങൾക്കു നേരത്തെ പാക്കിസ്ഥാൻ അനുമതി നിഷേധിച്ചിരുന്നു. പാക്കിസ്ഥാൻ തീരുമാനം വന്ന് 6 ദിവസത്തിനു ശേഷമാണ് ഇന്ത്യയുടെ മറുപടി. പാക്കിസ്ഥാൻ വിമാനങ്ങൾ ഇന്ത്യ കടന്നാണ് തെക്കൻ ഏഷ്യയിലേക്കും തെക്കു കിഴക്കൻ ഏഷ്യയിലേക്കും മറ്റും പോകുന്നത്

സൊസൈറ്റി ടുഡേ

മെയ്ദിനം പ്രമാണിച്ച് ഇന്ന് ഓഫീസ് അവധിയായതിനാൽ നാളെ(വെള്ളി) ഇ പേപ്പർ ഉണ്ടായിരിക്കുന്നതല്ല



# കാൻസറിനെതിരെ അതിജീവനം; സൗഹൃദ ഗംഗ മെയ് നാലിന്

**കൊച്ചി:** ഡോ. വി.പി ഗംഗാധരന്റെ നേതൃത്വത്തിൽ നടത്തിയ ചികിൽസയിൽ കാൻസർ രോഗത്തെ അതിജീവിച്ചവരുടെ സൗഹൃദസംഗമം ' സൗഹൃദ ഗംഗ ' മെയ് 04, ഞായറാഴ്ച എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ രാവിലെ ഒമ്പത് മുതൽ വൈകുന്നേരം നാലുവരെ നടക്കുന്ന സംഗമത്തിൽ കാൻസർ രോഗം മാറിയവരും തുടർചികിൽസയിൽ ഇരിക്കുന്നവരുമായ കുട്ടികളും മുതിർന്നവരുമടക്കം രണ്ടായിരത്തിലധികം ആളകളും അവരുടെ കുടുംബാംഗങ്ങളും അനുഭവങ്ങൾ പങ്കുവെച്ചും ആട്ടവും പാട്ടും കളിയും ചിരിയുമായി പങ്കെടുക്കും. ഇവരുടെ വിവിധ കലാപരിപാടികളും ഉണ്ടായിരിക്കും. ഗാനരചിയതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, മജീഷ്യൻ സാമ്രാജ്, പുല്ലാങ്കുഴൽ വിദഗ്ദൻ രാജേഷ് ചേർത്തല, ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ്, എഡിജിപി പി വിജയൻ, വിപിഎസ് ലേക് ക്ഷോർ ആശുപത്രി മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുള്ള, ഇന്ദിരാഗാന്ധി ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ, സെക്രട്ടറി അജയ് തറയിൽ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുക്കും. 2004 മുതൽ നടന്നു വരുന്ന സംഗമത്തിന്റെ തുടർച്ചയായിട്ടാണ് സൗഹൃദ ഗംഗ സംഘടിപ്പിക്കുന്നതെന്ന് കൊച്ചിൻ കാൻസർ സൊസൈറ്റി പ്രസിഡന്റ് എം രജിഷ് ഉണ്ണി, സെക്രട്ടറി സതീഷ് കുമാർ എന്നിവർ പറഞ്ഞു. കാൻസർ രോഗം മാറിയവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തുന്ന പ്രവണത ഇപ്പോഴും ഉണ്ടെന്നും ഇതിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് സംഗമം സംഘടിപ്പിക്കുന്നതെന്നും ഇവർ പറഞ്ഞു.

# വന്യജീവി ആക്രമണങ്ങളും വനംവകുപ്പിന്റെ ഫോറസ്റ്റ് രാജും: സർക്കർ നടപടികൾ അനിവാര്യം :കെസിബിസി

**കൊച്ചി:** വർധിച്ചുകൊണ്ടിരിക്കുന്ന വന്യജീവി ആക്രമണങ്ങളെയും അതിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങളെയും നിയന്ത്രണ വിധേയമാക്കാനും ജനങ്ങളുടെ ദുരവസ്ഥ മനസിലാക്കി പരിഹരിക്കാനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ക്രിയാത്മകമായി ഇടപെടണമെന്ന് കെസിബിസി ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, വൈസ് ചെയർമാന്മാരായ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ,ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, സെക്രട്ടറി ഫാ. ഡോ. മൈക്കിൾ പുളിക്കൽ എന്നിവർ വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു2023–24 കാലഘട്ടത്തിൽ 2630 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത് എന്ന, ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി റിപ്പോർട്ട് നടുക്കം ഉളവാക്കുന്നതാണ്. അഞ്ചു വർഷങ്ങൾക്കിടെ 103 പേർ കാട്ടാനകളുടെയും 341 പേർ മറ്റു വന്യജീവികളുടെയും അക്രമണങ്ങളാൽ കൊല്ലപ്പെടുകയുണ്ടായി. വന്യജീവികളാൽ സംഭവിച്ച കൃഷി സ്വത്ത് നഷ്ടങ്ങൾ കണക്കുകൂട്ടലുകൾക്കും അതീതമാണ്. വന്യമൃഗ ആക്രമണങ്ങൾ ദിനം പ്രതിയെന്നോണം പതിവായതോടെ സർക്കാരും ജനപ്രതിനിധികളും മുഖ്യധാരാ മാധ്യമങ്ങളും അത്തരം ദുരന്തങ്ങൾക്ക് അർഹമായ പരിഗണന പോലും ഇപ്പോൾ നൽകുന്നില്ല. വർധിച്ചുകൊണ്ടിരിക്കുന്ന വന്യജീവി ആക്രമണങ്ങളെയും അതിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങളെയും നിയന്ത്രണ വിധേയമാക്കാനും ജനങ്ങളുടെ ദുരവസ്ഥ മനസിലാക്കി പരിഹരിക്കാനും സർക്കാർ പദ്ധതികൾ വിഭാവനം ചെയ്യുകയും ഇത്തരം വിഷയങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവതരിപ്പിക്കാൻ എല്ലാ മാധ്യമങ്ങളും രാഷ്ട്രീയ സംഘടനാ നേതൃത്വങ്ങളും മുന്നോട്ടുവരികയും ചെയ്യണം.വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണങ്ങളിൽ 24 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകണം എന്ന അമിക്കസ് ക്യൂറിയുടെ വിലയിരുത്തൽ സ്വാഗതാർഹമാണ്. എന്നാൽ, കുറഞ്ഞ നഷ്ടപരിഹാര തുകപോലും ഇരകൾക്ക് യഥാസമയം ലഭ്യമാകാതെ വരുന്ന ഇന്നത്തെ സാഹചര്യത്തിന് മാറ്റംവരാൻ സർക്കാർ സംവിധാനങ്ങൾ ഉണർന്നുപ്രവർത്തിക്കുകയും മരണപ്പെട്ടവരുടെ ഉറ്റവർക്കും പരിക്കേറ്റവർക്കും സ്വത്ത് നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുകയും വേണം.

കേരളത്തിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾ വന്യജീവി ആക്രമണം ഭയന്ന് ജീവിക്കുന്ന സാഹചര്യത്തിലും ജനപക്ഷത്ത് നിൽക്കാതെ ജനദ്രോഹപരമായ നിലപാടുകൾ നിരന്തരം സ്വീകരിക്കുന്ന വനം വകുപ്പിന്റെ നീക്കങ്ങളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി നേരിട്ട് ഇടപെടണം. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലും മറ്റു മലയോര വന പരിസര മേഖലകളിലും പതിറ്റാണ്ടുകളായി നിയമാനുസൃതമായി ജനങ്ങൾ കൈവശം വച്ചിട്ടുള്ള കൃഷി ജനവാസ ഭൂമിയിൽ അതിക്രമിച്ചു കയറി അധികാരം സ്ഥാപിക്കാൻ ശ്രമിക്കുകയും ജനങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുന്ന വനംവകുപ്പിന്റെ നീക്കങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതാണ്. ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾക്ക് പോലും വില കൽപ്പിക്കാതെയുള്ള ചില ഉദ്യോഗസ്ഥരുടെ അധികാര ദുർവിനിയോഗം അവസാനിപ്പിക്കാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു.

# അമീബിക്ക് മസ്തിഷ്ക ജ്വരം പുതുക്കിയ മാർഗരേഖ പുറത്തിറക്കി

**തിരുവനന്തപുരം:** അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനായി ഏകാരോഗ്യത്തിൽ അധിഷ്ഠിതമായി ആക്ഷൻപ്ലാൻ പുതുക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രോഗ പ്രതിരോധം, രോഗ നിർണയം, ചികിത്സ എന്നിവ ക്രമീകരിക്കുന്നതിനുള്ള സമഗ്ര ആക്ഷൻ പ്ലാനാണ് തയ്യാറാക്കിയത്. അവബോധ ക്യാമ്പയിൻ, രോഗ നിർണയ ശേഷി വർധിപ്പിക്കൽ, ആക്ടീവ് കേസ് സർവൈലൻസ്, പരിസ്ഥിതി നിരീക്ഷണവും ഹോട്ട് സ്പോട്ട് മാപ്പിംഗും, ചികിത്സയും മരുന്ന് ലഭ്യതയും, ഗവേഷണം എന്നീ മേഖലകൾ അടിസ്ഥാനമാക്കിയാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. മസ്തിഷ്ക ജ്വരം സംശയിക്കുന്ന എല്ലാ രോഗികളിലും അമീബിക്ക് മസ്തിഷ്ക ജ്വരം നിർണയിക്കാനുള്ള പരിശോധന കൂടി നടത്താൻ നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളും മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രി നിർദേശം നൽകി.എല്ലാ വർഷവും വേനൽക്കാലത്തിന് തൊട്ട് മുമ്പേ മുതൽ അവബോധം ശക്തമാക്കണം. ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് അവബോധം നടത്തണം. വിദ്യാർത്ഥികൾക്കും ജലാശയങ്ങളുമായി ഇടപഴകുന്നവർക്കും അവബോധം നൽകണം. അമീബിക്ക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെട്ട കുളങ്ങളിലെ സമീപത്ത് അവബോധ ബോർഡുകൾ സ്ഥാപിക്കണം അമീബിക്ക് മസ്തിഷ്ക ജ്വരം തന്മാത്രാ, ജീനോമിക് രോഗനിർണയത്തിനുള്ള സംസ്ഥാനത്തെ അപെക്സ് സെന്ററുകളായി സംസ്ഥാന പിഎച്ച് ലാബ്, തോന്നക്കൽ ഐഎവി എന്നിവ പ്രവർത്തിക്കും. അമീബിക്ക് മസ്തിഷ്ക ജ്വരം കണ്ടെത്താനുള്ള പിസിആർ പരിശോധന പിഎച്ച് ലാബിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും കോഴിക്കോട് മെഡിക്കൽ കോളേജിലേയും മൈക്രോബയോളജി വിഭാഗങ്ങളെ അമീബിക് മസ്തിഷ്ക ജ്വരം രോഗനിർണയത്തിനായുള്ള വിദഗ്ധ കേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കും.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പരിസ്ഥിതി ശാസ്ത്ര വകുപ്പും ചേർന്ന് തയ്യാറാക്കിയ അമീബകളുടെ വർധനവിനെ ബാധിക്കുന്ന പാരിസ്ഥിതിക ഘടകങ്ങളെക്കുറിച്ചുള്ള കർമ്മ പദ്ധതി അനുസരിച്ച് പ്രവർത്തിക്കണം. ചികിത്സയ്ക്കാവശ്യമായ മിൽറ്റെഫോസിൻ മരുന്നിന്റെ ലഭ്യത കെ.എം.എസ്.സി.എൽ. മുഖേന ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമീബിക്ക് മസ്തിഷ്ക ജ്വരം ചികിത്സയെക്കുറിച്ചുള്ള ഒരു ഓൺലൈൻ പരിശീലന മൊഡ്യൂൾ സംസ്ഥാന പരിശീലന സൈറ്റിൽ ലഭ്യമാക്കും. ചണ്ഡീഗഢിലെ പിജിഐഎംഇആറിലെ മെഡിക്കൽ പാരാസൈറ്റോളജി വിഭാഗവുമായും പോണ്ടിച്ചേരിയിലെ എവിഎം ഇൻസ്റ്റിറ്റ്യൂട്ടുമായും സഹകരിച്ച് ഗവേഷണം ശക്തമാക്കും. സ്വതന്ത്രമായി ജീവിക്കുന്ന അമീബയുടെ വളർച്ചയെ സ്വാധീനിക്കുന്ന അജീവീയവും ജൈവികവുമായ ഘടകങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായും കേരള സർവകലാശാലയിലെ പരിസ്ഥിതി എഞ്ചിനീയറിംഗ് വകുപ്പുമായും സഹകരിച്ച് പഠിക്കും.

# ഇൻഡെക്സ് 2025ന് നാളെ തുടക്കം

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാല് മന്ത്രാലയങ്ങളുടെയും, 20 വിദേശ എംബസികളുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 ' ന് നാളെ (മെയ് 02, വെള്ളി) അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ തുടക്കമാകും. എക്സിബിഷന്റെ ഒദ്യോഗിക ഉദ്ഘാടനം മെയ് മൂന്നിന് നടക്കും. മിനിസ്ട്രി ഓഫ് മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് (എംഎസ്എംഇ), മിനിസ്ട്രി ഓഫ് ഫുഡ് പ്രൊസസിംഗ് ഇൻഡസ്ട്രി (എംഒഎഫ്പിഐ), വാണിജ്യ മന്ത്രാലയം, മിനിസ്ട്രി ഓഫ് ഫിഷറീസ്, ആനിമൽ ഹസ്ബൻട്രി ആന്റ് ഡയറിംഗ് എന്നീ മന്ത്രാലയങ്ങളാണ് എക്സിബിഷനിൽ പങ്കെടുക്കുന്നത്. ഐസിഎൽ ഫിൻകോർപ്പ് ആണ് ലെന്റിംഗ് പാർട്ണർ. 200 ലധികം ബിസിനസ് ആന്റ് റീട്ടെയിൽ ചെയിനുകൾ, മുഖ്യധാരാ ബാങ്കുകൾ അടക്കം 20 ലധികം ധനകാര്യ സ്ഥാപനങ്ങൾ വിവിധ രാജ്യങ്ങളിലെ സർക്കാർ പ്രതിനിധികൾ എന്നിവർ എക്സിബിഷനിൽ പങ്കെടുക്കും. 250 ലധികം സ്റ്റാളുകൾ എക്സിബിഷനിൽ ഉണ്ടാകും.

## അമൃത ആശുപത്രിയിലെ പി.എച്ച്.ഡി ഗവേഷക വിദ്യാർത്ഥികൾക്ക് ബഹുമതി

**കൊച്ചി :** അമൃത ആശുപത്രിയിലെ ഹെപറ്റോളജി വിഭാഗത്തിലെ രണ്ട് പി.എച്ച്.ഡി. ഗവേഷക വിദ്യാർത്ഥികൾ 63മത് നാഷണൽ ക്രിട്ടിക്കൽ കെയർ ആൻഡ് ഇൻഫക്ഷൻസ് ഇൻ ലിവർ ഡിസീസസ് കോൺഫറൻസിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. ലിവർ രോഗങ്ങളിൽ തീവ്ര പരിചരണവും അണുബാധയും വിഷയമാക്കി ന്യൂ ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിവർ ആൻഡ് ബിലിയറി സയൻസസ് സംഘടിപ്പിച്ച സമ്മേളനത്തിലാണ് ഗൗരിപ്രിയ നായരും, ആരതി വേണുവും യഥാക്രമം ആദ്യത്തെയും മൂന്നാമത്തേയും സ്ഥാനങ്ങൾ സ്വന്തമാക്കിയത്.

ഇവരുടെ ഗവേഷണ പ്രബന്ധങ്ങൾ ഡോ. അരുൺ കെ. വൽസന്റെ നേതൃത്വത്തിൽ അവതരിപ്പിച്ചു. ഡോ. സുധീന്ദ്രൻ എസ്, ഡോ. പ്രിയ നായർ, ഡോ. സുബൈർ മുഹമ്മദ്, ഡോ. രജത് എന്നിവരും മറ്റു മാർഗനിർദേശകരായി.

## ഡയറി പ്രൊമോട്ടർമാരെ നിയമിക്കുന്നു

**ആലപ്പുഴ:** ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 202526 മായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തീറ്റപ്പുൽകൃഷി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആലപ്പുഴ ജില്ലയിലെ 12 ക്ഷീരവികസന യൂണിറ്റുകളിൽ ഡയറി പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 1845 വയസ്സ്, വിദ്യാഭ്യാസ യോഗ്യത ചുരുങ്ങിയത് എസ്.എസ്.എൽ.സി. കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം. മുൻപ് ഡയറി പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് മുൻഗണന. അതത് ക്ഷീരവികസന യൂണിറ്റ് പരിധിയിൽ താമസിക്കുന്നവർക്ക് മാത്രം അപേക്ഷിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 14 ഉച്ചക്ക് മൂന്ന് മണി വരെ. അപേക്ഷകരുടെ അഭിമുഖം, ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ മേയ് 19 ന് രാവിലെ 10 മണി മുതൽ ഒരു മണി വരെ നടത്തും. എസ്.എസ്.എൽ.സി. ബുക്കിന്റെ ഒറിജിനൽ, പ്രവൃത്തിപരിചയം സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതം ഹാജരാകണം. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളുമായി ബന്ധപ്പെടുക.

## കിഴക്കേക്കര ഗവൺമെന്റ് ഈസ്റ്റ് സ്കൂളിന് ഒരു കോടി രൂപയുടെ പുതിയ കെട്ടിടം

**കൊച്ചി :** 75 വർഷം പഴക്കമുള്ള കിഴക്കേക്കര ഗവൺമെന്റ് ഈസ്റ്റ് ഹൈസ്കൂളിന്റെ പുതിയതായി നിർമിക്കുന്ന കെട്ടിടത്തിന്റെ നിർമാണോദ്ഘാടനവും ശിലാസ്ഥാപനവും നടന്നു. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഓൺലൈനായി നിർമാണോദ്ഘാടനം നിർവഹിച്ചു. കെട്ടിടത്തിന്റെ ശിലാസ്ഥാപനം മാത്യു കുഴൽ നാടൻ എംഎൽഎ നിർവഹിച്ചു.കൂടുതൽ സ്ഥലസൗകര്യങ്ങളോടെ ആധുനികരീതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. സ്കൂൾ കെട്ടിടം കാലപ്പഴക്കത്തെ തുടർന്ന് ശോചനീയാവസ്ഥയിൽ ആയിരുന്നു. മൂവാറ്റുപുഴ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സെക്ഷന്റെമേൽനോട്ടത്തിലാണ് കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നത്. 2475 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ വെർട്ടിഫൈഡ് ടൈലുകൾ പാകിയ നാല് ക്ലാസ് മുറികളോടെയും രണ്ടു മീറ്റർ വീതിയിലുള്ള വരാന്തകളോടെയും സ്റ്റേയർ റൂമുകളോടെയുമാണ്ആണ് കെട്ടിട നിർമ്മാണം. മൂവാറ്റുപുഴ നഗരത്തിൽ എംസി റോഡിൽ നിന്നും മാറി കിഴക്കേക്കര ഭാഗത്തായി സ്ഥിതി ചെയ്യുന്നസ്കൂളിൽ 450ലധികം സാധാരണക്കാരായ കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്.

# ഫൈൻ ആർട്സ് കോളേജുകളുടെ പാഠ്യപദ്ധതിയിലടക്കം സമഗ്ര പരിഷ്കരണം : മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിലെ പാഠ്യപദ്ധതിയും അക്കാദമിക് പ്രവർത്തനങ്ങളും കാലോചിതമായി പരിഷ്കരിക്കുമെന്ന് ആർ ബിന്ദു തിരുവനന്തപുരത്ത് പത്ര സമ്മേളനത്തിൽ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ച കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കും.

2025 ഫെബ്രുവരി ഒന്നിന് പ്രവർത്തനം ആരംഭിച്ച 11 അംഗങ്ങളുള്ള കമ്മീഷൻ 17 ഓൺലൈൻ മീറ്റിങ്ങുകൾ ചേർന്നു. സംസ്ഥാനത്തെ ആറ് ഫൈൻ ആർട്സ് കോളേജുകളിൽനിന്നുള്ള തിരഞ്ഞെടുത്ത ഫാക്കൽറ്റി അംഗങ്ങൾ കൂടി പങ്കെടുത്ത ശില്പശാലയിൽ ഉയർന്ന നിർദ്ദേശങ്ങളും പരിഗണിച്ചു. ജനാധിപത്യപരമായും സന്തുലിതമായും പാഠ്യപദ്ധതിയും അക്കാദമിക് പ്രവർത്തനങ്ങളും വിലയിരുത്തിയാണ് കാലാനുസൃതമായ മാറ്റങ്ങൾക്ക് വേണ്ട ശുപാർശകൾ തയ്യാറാക്കിയത്.

ഡോ. ശിവജി പണിക്കരുടെ നേതൃത്വത്തിൽ നിയോഗിച്ച വിദഗ്ദ്ധ കമ്മീഷനാണ് റിപ്പോർട്ട് സർക്കാരിന് കൈമാറുന്നത്. ഉന്നതവിദ്യാഭ്യാസ മന്ത്രിയെന്ന നിലയിൽ ഇങ്ങനെയൊരു കമ്മീഷന് രൂപം നൽകാനും, യുദ്ധകാലാടിസ്ഥാനത്തിൽ അവർ തയ്യാറാക്കി നൽകിയ റിപ്പോർട്ട് സ്വീകരിക്കാനും കഴിയുന്നതിൽ ചാരിതാർത്ഥ്യമുണ്ടെന്നും മന്ത്രി പറഞ്ഞു.

പുതിയ പഠനരീതികൾ കൊണ്ടുവരികയും പഴയവ അടിമുടി മാറ്റുകയും ചെയ്യണമെന്നതാണ് പ്രധാന നിർദ്ദേശങ്ങളിലൊന്ന്. പ്രവേശനരീതിയിലും മൂല്യനിർണ്ണയത്തിലും ഭരണ സംവിധാനത്തിലും സമഗ്ര മാറ്റങ്ങളും, സെമസ്റ്റർ സംവിധാനം കൊണ്ടുവരലും കമ്മീഷൻ ശുപാർശ ചെയ്യുന്നു. നിലവിലെ സ്ഥാപനസ്വഭാവവും ഫാക്കൽറ്റി രൂപവും ഇതുവഴി നവീകരിക്കപ്പെടണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

വിശ്രുതനായ വിശ്വകലാകാരൻ കെ സി എസ് പണിക്കരുടെ നാമധേയത്തിൽ പുതിയൊരു ആർട് കോളേജ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഫൈൻ ആർട്സ് കോളേജുകളെ മാറിയ സങ്കല്പനങ്ങളുടെ അടിസ്ഥാനത്തിൽ വിഷ്വൽ ആർട്ട് കോളേജുകളായി വിഭാവനം ചെയ്യണമെന്ന നിർദ്ദേശവും കമ്മീഷൻ മുന്നോട്ടുവെച്ചിട്ടുണ്ട്. ബി എഫ് എ, എം എഫ് എ കോഴ്സുകൾക്ക് ഇതനുസരിച്ച് പുനർനാമകരണവും നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫൈൻ ആർട്സ് കോളേജുകളെ യു ജി സി മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണപരമായി പുനസ്സംഘടിപ്പിക്കണമെന്നത് മറ്റൊരു ശുപാർശയാണ്. ഒരൊറ്റ അക്കാദമിക് ഭരണ സംവിധാനത്തിന് കീഴിലാക്കണമെന്നാണ് ഈ നിർദ്ദേശം.

കാലടി സംസ്കൃത സർവ്വകലാശാലയിലെ പെയിന്റിങ് ഡിപ്പാർട്മെന്റ്, ആർട്സ് ആൻഡ് സോഷ്യൽ സയൻസ് ഫാക്കൽറ്റിയിൽനിന്നും മാറി പ്രത്യേക ഫാക്കൽറ്റിയായി രൂപകല്പന ചെയ്യണമെന്നും കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. എം ജി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത തൃപ്പൂണിത്തുറ ആർ എൽ വി കോളേജിനെ പ്രത്യേകം വിഷ്വൽ ആർട്സ് കോളേജാക്കുക, മാവേലിക്കര രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ടിനെ, വിഷ്വൽ ആർട്ട് പഠന വകുപ്പായി വിഭാവനം ചെയ്യുക എന്നിവയും നിർദ്ദേശങ്ങളാണ്.

ബിരുദബിരുദാന്തര കോഴ്സുകൾ പ്രധാനമായും നൈപുണിയിലും സാങ്കേതികതയിലും ഊന്നൽ നല്കിയവ ആയതിനാൽ സെമസ്റ്റർക്രെഡിറ്റ് ഘടനയിലേക്ക് മാറണമെന്നും ഉള്ളടക്കം സമഗ്രമായി മാറണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. സങ്കൽപനവും സാങ്കേതികതയും സമന്വയിക്കപ്പെടണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം വെച്ചിട്ടുള്ളത്.

ഇന്റർ മീഡിയ പ്രാക്ടീസസ്, ക്യൂറേറ്റോറിയൽ പ്രാക്ടീസസ്, ആർട്ട് ഹിസ്റ്ററി ആൻഡ് വിഷ്വൽ സ്റ്റഡീസ്, ഇന്റർ ഡിസിപ്ലിനറി മീഡിയ ആൻഡ് ഡിസൈൻ പ്രാക്ടീസസ് തുടങ്ങിയ നവകാല പ്രാധാന്യമുള്ള ബിരുദാന്തര ബിരുദ കോഴ്സുകളും കമ്മീഷൻ നിർദ്ദേശിക്കുന്നു. കോളേജുകളിൽ ഗ്രാഫിക്സ്/പ്രിന്റ് മേക്കിങ് വകുപ്പുകളും, കലാചരിത്ര പഠനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ഫൈൻ ആർട്സ് കോളേജുകളിലും ആർട്ട് ഹിസ്റ്ററി വിഭാഗവും സ്ഥാപിക്കൽ മറ്റൊരു ശുപാർശയാണ്. കോമൺ സ്റ്റുഡിയോസ്, എക്സിബിഷൻ ഗ്യാലറി തുടങ്ങിയ പശ്ചാത്തല സൗകര്യ വികസനവും കോളേജുകളിൽ ശുപാർശ ചെയ്യുന്നു.

തുടർച്ചയായ വർക്ക്ഷോപ്പുകൾ, ബോധന രീതി ശാസ്ത്രവും ഉള്ളടക്കവും വികസിപ്പിക്കലും, സ്പെഷ്യലൈസേഷൻ വളർത്തലും ലക്ഷ്യമിട്ട് ഉണ്ടാവണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ പ്രവേശനരീതിയും കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു.

കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ വിശദമായി പഠിക്കുകയും തുടർചർച്ചകൾക്ക് വിധേയമാകുകയും ചെയ്യും. ഉരുത്തിരിഞ്ഞു വരുന്ന പൊതു അഭിപ്രായങ്ങൾകൂടി സമാഹരിക്കുകയും സംഗ്രഹിക്കുകയും ചെയ്തുകൊണ്ട്, ഭാവി പ്രവർത്തനം ആസൂത്രണം ചെയ്യും. മറ്റു കമ്മീഷനുകളുടെ ശുപാർശകൾ എത്രയും പെട്ടെന്ന് പ്രവൃത്തി പഥത്തിൽ എത്തിക്കുകയും അവയുടെ ഗുണഫലം വിദ്യാർഥിസമൂഹത്തിനും പൊതുസമൂഹത്തിനും ഒരേ പോലെ ലഭ്യമാക്കുകയും ചെയ്ത മാതൃകയിൽ, ഈ റിപ്പോർട്ടിലും അടിയന്തിര നടപടികൾ ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

സാമൂഹ്യമാറ്റത്തിലും നവലോകസൃഷ്ടിയിലും എക്കാലത്തും ഉയർന്ന പങ്ക് നിറവേറ്റിപ്പോരുന്ന കലാമേഖലയെ പരിപോഷിപ്പിക്കുന്നതിൽ അഭിമാനകരമായ സംഭാവനകൾ നൽകുന്ന കലാപഠന സ്ഥാപനങ്ങളാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന നമ്മുടെ ആറ് ഫൈൻ ആർട്സ് കോളേജുകൾ.

നവകേരള സൃഷ്ടിയുടെ അവിഭാജ്യഭാഗമായ നിർമ്മാണപ്രവർത്തനങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങളിൽ കലാപ്രവർത്തനങ്ങൾ കൂടി സമന്വയിക്കപ്പെടണമെന്നാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. ഉന്നതവിദ്യാഭ്യാസ ഹബ്ബായി മാറുന്നതിനൊപ്പം, കേരളത്തിന്റെ സമഗ്ര വികസനത്തിന് സംഭാവനയർപ്പിക്കുന്ന ട്രാൻസ്ലേഷനൽ പ്രവർത്തനങ്ങളിൽ നേതൃപങ്കുള്ളവയായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുകയും ചെയ്തുകൊണ്ടാണ് ഇതിനായുള്ള പരിഷ്കരണപ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. കലാപഠനത്തിന് ഈ നവജനാധിപത്യമുന്നേറ്റത്തിലും, കേരള സമ്പദ്ഘടനയുടെ ശാക്തീകരണത്തിലും, സ്വന്തം സാംസ്കാരികസ്രോതസ്സുകളെ ഉപയുക്തമാക്കി എന്തെല്ലാം സംഭാവനകൾ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുന്ന സമഗ്രമായ റിപ്പോർട്ടാണ് നമുക്ക് ലഭിച്ചിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ഡൽഹി അംബേദ്കർ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് കൾച്ചർ ആൻഡ് ക്രിയേറ്റീവ് എക്സ്പ്രഷൻസ് ചെയർപേഴ്സൺ ഡോ. ശിവജി കെ പണിക്കർ, കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത്, തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സ് ഡിപ്പാർട്ട്മെന്റ് ഓഫ് പെയിന്റിങ്ങ് ഹെഡ് പ്രൊഫ. ഷിജോ ജേക്കബ്, മാവേലിക്കര ആർ ആർ വി കോളേജ് ഓഫ് ഫൈൻ ആർട്സ് പ്രിൻസിപ്പൽ മനോജ് വൈലൂർ, തൃശൂർ ഗവ. കോളേജ് ഓഫ് ഫൈൻ ആർട്സ് ഫാക്കൽറ്റി ഡോ. കവിതാ ബാലകൃഷ്ണൻ, തൃപ്പൂണിത്തുറ ആർ എൽ വി

മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് അപ്ലൈഡ് ആർട്സ് ഫാക്കൽറ്റി ഡോ. സുധീഷ് കോട്ടമ്പ്രം, തൃപ്പൂണിത്തുറ ഗവ. ആർ എൽ വി മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൾപ്ച്ചർ ഹെഡ് വിബിൻ ജോർജ്, ആർട്ടിസ്റ്റ് സക്കീർ ഹുസ്സൈൻ, ആർട്ടിസ്റ്റ് സജിത ആർ ശങ്കർ എന്നിവരാണ് കമ്മീഷനംഗങ്ങൾ.

## സമഗ്രമായ മ്യൂസിയം നയം ആവിഷ്കരിക്കും: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**തിരുവനന്തപുരം:** സംസ്ഥാനത്ത് സമഗ്രമായ മ്യൂസിയം നയം ആവിഷ്കരിക്കുമെന്ന് രജിസ്ട്രേഷൻ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ലോകോത്തര ചിത്രകാരനായിരുന്ന രാജാ രവിവർമ്മയുടെ 177ാം ജന്മ വാർഷികാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം മ്യൂസിയം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ചിത്രകലാ രംഗത്തെ അത്യപൂർവ്വ പ്രതിഭയായ രാജാ രവിവർമ്മയുടെ എണ്ണച്ചായത്തിൽ രചിക്കപ്പെട്ട ചിത്രങ്ങൾ ലോക ശ്രദ്ധ നേടിയിട്ടുണ്ട്. നിത്യ ജീവിതത്തിലെ അസുലഭമായ മുഹൂർത്തങ്ങളും മാനവ ജീവിതത്തിലെ വ്യാകുലതകളും തന്മയത്വത്തോടെ രവിവർമ്മയുടെ ചിത്രങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്. ശകുന്തള, ഹംസദമയന്തി, ജിപ്സികൾ, അമ്മയും കുഞ്ഞും തുടങ്ങിയ രവിവർമ്മ ചിത്രങ്ങൾ കാലാതീതമായി നിലകൊള്ളുന്നു. രാജാ രവിവർമ്മക്ക് ജന്മനാട്ടിൽ സ്മാരകമില്ല എന്ന പോരായ്മ പരിഹരിക്കാനാണ് 2023 ൽ രവിവർമ്മ ചിത്രങ്ങൾക്ക് മാത്രമായി ആർട്ട് ഗ്യാലറി സ്ഥാപിച്ചത്. ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ആർട്ട് ഗ്യാലറി ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ ശ്രദ്ധ ആകർഷിക്കുന്ന ഇടമായി മാറിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

മ്യൂസിയങ്ങൾ മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളാണ്. അതിന്റെ പ്രാധാന്യം മനസിലാക്കി കേരളത്തിൽ വ്യത്യസ്തങ്ങളായ മ്യൂസിയങ്ങളുടെ ശൃംഖല സംസ്ഥാന സർക്കാർ സ്ഥാപിച്ചു. മ്യൂസിയങ്ങളെ അവലോകനം ചെയ്യുന്നതിനും മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മ്യൂസിയം കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. ചരിത്ര സൂക്ഷിപ്പുകൾക്ക് വളരെ പ്രാധാന്യമുള്ള കാലത്താണ് നമ്മൾ ഇന്നുള്ളതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികൾക്കായി നടത്തിയ ചിത്രരചനാ മത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസും, സർട്ടിഫിക്കറ്റും മന്ത്രി സമ്മാനിച്ചു.

മ്യൂസിയം ഡയറക്ടർ പി എസ് മഞ്ജുളാദേവി, ലളിതകലാ അക്കാദമി സെക്രട്ടറി എബി എൻ ജോസഫ്, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ ദിനേശൻ, ആർക്കൈവ്സ് ഡയറക്ടർ പാർവതി എസ്, കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ കെ ചന്ദ്രൻപിള്ള തുടങ്ങിയവർ പങ്കെടുത്തു.

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാന വ്യാപകമാകും: ചിഞ്ചുറാണി

**തിരുവനന്തപുരം:** വിവിധ ഘട്ടങ്ങളിലായി വെറ്ററിനറി മൊബൈൽ യൂണിറ്റുകൾ സംസ്ഥാന വ്യാപകമാക്കുമെന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെയും മൊബൈൽ സർജറി യൂണിറ്റുകളുടെയും ഫ്ലാഗ് ഓഫ് ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കർഷകർക്ക് വീട്ടുപടിക്കൽ മൃഗ ചികിത്സാ സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് 2023 ജനുവരിയിൽ 29 ബ്ലോക്കുകളിൽ ആരംഭിച്ച പദ്ധതിയുടെ തുടർച്ചയായിട്ടാണ് റീബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കിയുള്ള ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. 3.11 കോടി രൂപ വിലവരുന്ന 59 മൊബൈൽ യൂണിറ്റുകളാണ് നിലവിൽ പ്രവർത്തനം ആരംഭിക്കുന്നത്. അടുത്തടുത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് സേവനം പങ്കുവെക്കാൻ കഴിയുന്ന രീതിയിലാണ് ഇതിന്റെ വിന്യാസം ക്രമീകരിച്ചിരിക്കുന്നത്. 24 മണിക്കൂറും സജീവമായ 1962 എന്ന ടോൾ ഫ്രീ നമ്പറിലുള്ള കേന്ദ്രീകൃത കാൾ സെന്റർ സംവിധാനത്തിലൂടെയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം കർഷകരുടെ വീട്ടുപടിയ്ക്കൽ സാധ്യമാകുന്നത്. ജി പി എസ് സംവിധാനത്തിലൂടെ യൂണിറ്റുകളുടെ സ്ഥാനം കൃത്യമായി നിയന്ത്രിക്കാൻ കഴിയുമെന്ന പ്രത്യേകതയുണ്ട്. പ്രത്യേക പരിശീലനം നേടിയ വെറ്ററിനറി ഡോക്ടർമാരും ഡ്രൈവർ കം അറ്റൻഡർമാരും മൊബൈൽ യൂണിറ്റുകളിൽ ഉണ്ടാവും. മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തന സമയം വൈകിട്ട് 6 മണി മുതൽ രാവിലെ 5 മണി വരെയും മൊബൈൽ സർജറി യൂണിറ്റുകളുടേത് രാവിലെ 10 മുതൽ വൈകിട്ട് 5 വരെയുമാണ് ക്രമീകരിച്ചിട്ടുള്ളത്. നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലാണ് മൊബൈൽ യൂണിറ്റുകളുടെ സേവനം കർഷകർക്ക് നൽകുന്നത്. കന്നുകാലികൾക്ക് 450 രൂപ, അരുമമൃഗങ്ങൾക്ക് 950, ആടുകളുടെ പ്രസവ ചികിത്സയ്ക്ക് 1450, കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിന് അധികം 50 രൂപ എന്ന നിരക്കിലാണ് സേവനം.

പുതുതായി ആരംഭിക്കുന്ന 12 മൊബൈൽ സർജറി യൂണിറ്റുകൾ വിവിധ ജില്ലകളിലെ വെറ്ററിനറി കേന്ദ്രങ്ങളിലാണ് സ്ഥാപിക്കുന്നത്. കണ്ണൂർ, എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിയ്ക്കുന്ന ടെലിവെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം ഈ പദ്ധതിയുമായി ഏകോപിപ്പിക്കുന്നതോടെ എല്ലാ ജില്ലകളിലും മൊബൈൽ സർജറി യൂണിറ്റിന്റെ സേവനം ലഭ്യമാകും. ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 6 ആശുപത്രികളിൽ മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ സർജറി യൂണിറ്റുകൾ എത്തിച്ചേരുകയും ആശുപത്രികളിൽ നിശ്ചയിക്കുന്ന സർജറികൾ നടത്തുകയും ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഓരോ ജില്ലയിലും ടീമിനെ നിയോഗിച്ചിട്ടുണ്ട്. മൊബൈൽ സേവനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് കോർഡിനേഷൻ സെൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുകയും ചെയ്യും.

പാലുൽപ്പാദന രംഗത്ത് കേരളം സ്വയം പര്യാപ്തതയിലെത്തുന്നു എന്നത് അഭിമാനകരമാണ്. അധികാരത്തിലെത്തിയപ്പോൾ തന്നെ 6 രൂപ വില വർധിപ്പിച്ച് ക്ഷീര കർഷകർക്ക് ആശ്വാസം നൽകുകയാണ് സംസ്ഥാന സർക്കാർ ചെയ്തത്. രാജ്യത്ത് തന്നെ ഏറ്റവും ഉയർന്ന വില പാലിന് കേരളത്തിലാണ് എന്നതും ശ്രദ്ധേയമാണ്.

# അർബൻ കമ്പനി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഹോം, ബ്യൂട്ടി വിഭാഗങ്ങളിൽ ഉന്നത ഗുണനിലവാരമുള്ള സാങ്കേതികവിദ്യാധിഷ്ഠിതവും സമ്പൂർണ്ണവുമായ വിവിധ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്ന അർബൻ കമ്പനി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 1900 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.429 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 1471 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ഗോൾഡ്മാൻ സാക്സ് (ഇന്ത്യ) സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്,ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഫെഡറൽ ബാങ്കിന് 4052 കോടി രൂപ വാർഷിക അറ്റാദായം

**കൊച്ചി:** 2025 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ നാലാംപാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 518483.86 കോടി രൂപയായി ഉയർന്നു. വാർഷിക അറ്റാദായം 4052 കോടി രൂപയായി. നാലാംപാദത്തിലെ മാത്രം അറ്റാദായം 13.67 ശതമാനം വളർച്ചയോടെ 1030.23 കോടി രൂപയിലെത്തി.ബാങ്കിന്റെ മൊത്തം ബിസിനസ് 12.24 ശതമാനം വർധിച്ച് 518483.86 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ പാദത്തിൽ 252534.02 കോടി രൂപയായിരുന്ന നിക്ഷേപം 12.32 ശതമാനം വർദ്ധനവോടെ 283647.47 കോടി രൂപയായി.

വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 209403.34 കോടി രൂപയിൽ നിന്ന് 234836.39 കോടി രൂപയായി വർധിച്ചു. 12.15 ശതമാനമാണ് വളർച്ചാനിരക്ക്. റീട്ടെയൽ വായ്പകൾ 14.50 ശതമാനം വർധിച്ച് 77212.16 കോടി രൂപയായി. വാണിജ്യ ബാങ്കിങ് വായ്പകൾ 26.76 ശതമാനം വർധിച്ച് 27199 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 8.39 ശതമാനം വർധിച്ച് 79773.79 കോടി രൂപയിലും ബിസിനസ് ബാങ്കിങ് വായ്പകൾ 11.44 ശതമാനം വർദ്ധിച്ച് 19064.36 കോടി രൂപയിലുമെത്തി. സ്വർണവായ്പകൾ 20.93 ശതമാനം വളർച്ചയോടെ 30505 കോടി രൂപയായി വർധിച്ചു.

മൊത്തവരുമാനം 13.70 ശതമാനം വർധനയോടെ 7654.31 കോടി രൂപയിലെത്തി. 4375.54 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 1.84 ശതമാനമാണിത്. അറ്റനിഷ്ക്രിയ ആസ്തി 1040.38 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.44 ശതമാനമാണിത്. 75.37 ശതമാനം ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 33121.64 കോടി രൂപയായി വർധിച്ചു. 16.40 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1589 ശാഖകളും 2080 എടിഎം / സിഡിഎമ്മുകളുമുണ്ട്. 2 രൂപ മുഖവിലയുള്ള ഓരോ ഓഹരിയ്ക്കും 60 ശതമാനം വീതം ലാഭവിഹിതം നൽകാൻ ശിപാർശ ചെയ്യാനും ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചതായി ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ കെ വി എസ് മണിയൻ പറഞ്ഞു.

# ധനലക്ഷ്മി ബാങ്കിലൂടെ യുപിഐ വഴി ജിഎസ്ടി അടയ്ക്കാം

**തൃശൂർ:** യുപിഐ വഴി ജിഎസ്ടി ഇടപാടുകൾ നടത്തുന്നതിനു സൗകര്യമൊരുക്കി ധനലക്ഷ്മി ബാങ്ക്. ഉപയോക്താക്കൾക്ക് ഈ സൗകര്യം നൽകുന്ന ബാങ്കുകളിൽ രാജ്യത്തെ ഏഴാമത്തേതും സംസ്ഥാനത്തുനിന്നുള്ള ആദ്യത്തെയും ബാങ്കാണ് ധനലക്ഷ്മി ബാങ്ക്.

ജിഎസ്ടി രജിസ്ട്രേഷനുള്ള ഉപഭോക്താക്കൾക്കു ധനലക്ഷ്മി ബാങ്കിൻറെ ഇടപാടുകാരാകണമെന്ന നിബന്ധന ഇല്ലാതെതന്നെ പേയ്മെൻറുകൾ നടത്താം.

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസിൻറെ (സിബിഐസി) നിബന്ധനകൾക്കനുസൃതമായി ജിഎസ്ടി പേയ്മെൻറ് സ്വീകരിക്കുന്ന ധനലക്ഷ്മി ബാങ്കിൽ ഇൻറർനെറ്റ് ബാങ്കിംഗ് വഴി ഉയർന്ന പരിധിയില്ലാതെയും, യുപിഐ വഴി പരമാവധി ഒരു ലക്ഷം രൂപവരെയും ഇടപാടുകൾ നടത്താവുന്നതാണ്.

## തിരുവനന്തപുരം മിൽമയ്ക്ക് 39.07 കോടി രൂപയുടെ ലാഭം

**തിരുവനന്തപുരം:** ഇക്കഴിഞ്ഞ സാന്പത്തിക വർഷം 39.07 കോടി രൂപയുടെ ചരിത്ര ലാഭവുമായി മിൽമ തിരുവനന്തപുരം മേഖല യൂണിയൻ. കഴിഞ്ഞ പത്തു വർഷത്തിനിടെ ഏറ്റവും ലാഭം നേടിയ സാന്പത്തിക വർഷമാണിതെന്ന് മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ് അറിയിച്ചു.

ലാഭവിഹിതത്തിൽനിന്ന് 35.08 കോടി രൂപ അധിക പാൽവിലയായും 3.06 കോടി രൂപ കാലിത്തീറ്റ സബ്സിഡി ആയും ക്ഷീരകർഷകർക്ക് നൽകി. സാന്പത്തിക വർഷം അവസാനിക്കുന്പോൾതന്നെ മുഴുവൻ ലാഭവിഹിതവും ക്ഷീരകർഷകർക്ക് നൽകിയതായും ചെയർമാൻ പറഞ്ഞു.




# റോറോ നിർമ്മാണം: സ്റ്റീൽ കട്ടിങ് നടന്നു

**കൊച്ചി:** കൊച്ചിയുടെ യാത്രാ ക്ലേശത്തിന് പരിഹാരമാകുന്ന മൂന്നാമത്തെ റോറോയുടെ നിർമ്മാണത്തിന് മുന്നോടിയായുള്ള സ്റ്റീൽ കട്ടിങ് ചടങ്ങ് കൊച്ചി കപ്പൽശാലയിൽ വച്ച് നടന്നു. നഗരസഭയ്ക്ക് വേണ്ടി നിർമ്മിക്കുന്ന മൂന്നാമത്തെ റോ റോയുടെ കരാർ, 2024 നവംബർ മാസം 13 ന് കൊച്ചി കപ്പൽശാലയുമായി ഒപ്പു വച്ചിരുന്നു.14.9 കോടി രൂപയാണ് ജി.എസ്.ടി ഉൾപ്പെടെ, റോറോ നിർമ്മാണത്തിനായി നഗരസഭ കൈമാറിയിരിക്കുന്നത്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡാണ് ഇതിനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്.റോ റോ വെസ്സലിന് 28.43 മീറ്റർ നീളവും 8.25 മീറ്റർ വീതിയുമുണ്ട് . ഡിസൈൻ വേഗത 6 നോട്ട് ആയിരിക്കും. ഐആർഎസ് ക്ലാസിഫിക്കേഷൻ സൊസൈറ്റിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ വെസ്സലിനെ, കപ്പൽശാല ഇൻ ഹൗസ് ഡിസൈൻ ഡിപ്പാർട്ട്മെന്റ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. 4 ലോറികൾ, 12 കാറുകൾ, 50 യാത്രക്കാർ എന്നിങ്ങനെ വിവിധ കോമ്പിനേഷനുകളിൽ വഹിക്കാൻ കഴിയുന്ന തരത്തിലാണ് വെസ്സൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ സ്റ്റീൽ കട്ടിംഗ് നിർവഹിച്ചു. ചടങ്ങിൽ എറണാകുളം എം.പി ഹൈബി ഈഡൻ, എം.എൽ.എ മാരായ ടി.ജെ വിനോദ്, കെ.ജെ മാക്സി, കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയർ കെ.എ അൻസിയ, കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടര് ആർ ഗിരിജ, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് ചെയർമാൻ അഡ്വ.മുഹമ്മദ് ഇക്ബാൽ, മാനേജിംഗ് ഡയറക്ടർ ടി.ജി ഉല്ലാസ്, കൊച്ചി കപ്പൽശാലം ഡയറക്ടർമാർ, മറ്റ് ഉദ്യോഗസ്ഥര് തുടങ്ങിയവരും പങ്കെടുത്തു. ഒരു വർഷത്തിനുള്ളില് റോറോ നിർമ്മാണം പൂർത്തീകരിക്കണമെന്ന മേയറുടെ ആവശ്യം കപ്പൽശാല എം.ഡി അംഗീകരിച്ചു.മൂന്നാമത്തെ റോറോ വരുന്നതോടെ, ഏതെങ്കിലും ഘട്ടത്തിൽ സാങ്കേതിക തകരാറുണ്ടായാൽ രണ്ട് റോറോയ്ക്ക് യാതൊരു മുടക്കവും ഇല്ലാതെ സർവ്വീസ് നടത്തുവാൻ കഴിയും. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി മേഖലയിലുള്ളവർക്ക് എറണാകുളത്തേക്കും, വൈപ്പിനിലേക്കും യാത്ര ചെയ്യുന്നതിനും, എറണാകുളത്ത് നിന്ന് ടൂറിസം മേഖലയായ കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലേക്കുമുള്ള യാത്രയും കുറെ കൂടി സുഗമമാകും.

# മാമ്പഴം കയറ്റുമതിയിലും അംബാനി മുന്നിൽ

**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാനും ലോകത്തെ അതിസമ്പന്നരുടെ പട്ടികയിൽ 14ാം സ്ഥാനത്തുള്ള മുകേഷ് അംബാനി ലോകത്തെ ഏറ്റവും വലിയ മാമ്പഴക്കയറ്റുമതിക്കാരൻ. റിലയൻസ് ഇൻഡസ്ട്രീസ് ആണ് ലോകത്ത് ഏറ്റവും കൂടുതൽ മാമ്പഴം കയറ്റുമതി ചെയ്യുന്നത്.

പെട്രോളിയം, ടെലികമ്യൂണിക്കേഷൻ, റീട്ടെയ്ൽ ബിസിനസ് തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ സ്വന്തമാക്കിയ അംബാനി 'പഴങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന മാന്പഴത്തിൻറെ കയറ്റുമതിയിലും മുന്നിലെത്തി കാർഷികമേഖലയിൽ വലിയ ചലനമാണ് ഉണ്ടായിരിക്കുന്നത്. ഗുജറാത്തിലെ ജാംനഗറിലെ വിശാലമായ 600 ഏക്കറോളം വരുന്ന മാമ്പഴത്തോട്ടം. ഏകദേശം 600 ടൺ പ്രീമിയം മാന്പഴമാണ് ഓരോ വർഷവും ഇവിടുന്ന് വിളയിച്ച് കയറ്റുമതി ചെയ്യുന്നത്.

ജാംനഗറിലെ എണ്ണശുദ്ധീകരണശാല കാരണം കർശനമായ പാരിസ്ഥിതിക നിയമങ്ങൾ നിലവിൽ വന്ന 1997ലാണ് റിലയൻസ് മാന്പഴക്കൃഷി തുടങ്ങിയത്. മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണങ്ങൾ പാലിക്കുന്നതിനായി, തരിശുഭൂമിയെ മാന്പഴത്തോട്ടമാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി കന്പനി ആരംഭിച്ചു.

ഇത് ധീരുഭായ് അംബാനി ലഖിബാഗ് അമ്രായ് ഫാമിൻറെ സൃഷ്ടിക്ക് കാരണമായി. തരിശായിക്കിടന്ന 600 ഏക്കർ ഭൂമിയിൽ മാമ്പഴം കൃഷി ചെയ്യാൻ തുടങ്ങി. നിയമങ്ങൾ പാലിക്കാനുള്ള ഒരു മാർഗമായി ആരംഭിച്ചത് ശ്രദ്ധേയമായ കാർഷികവിജയമായി മാറുകയായിരുന്നു.ഇപ്പോൾ 1.3 ലക്ഷത്തിലധികം മരങ്ങൾ നിറഞ്ഞ ഈ തോട്ടത്തിൽ പരമ്പരാഗതവും ആധുനികവുമായ കൃഷി രീതികൾ സംയോജിപ്പിച്ച് 200ലധികം തരം മാവുകൾ വളരുന്നു. ഇന്ത്യയുടെ കാർഷിക വേരുകളെ ആദരിക്കുന്ന ഈ തോട്ടത്തിന് പതിനാറാം നൂറ്റാണ്ടിൽ അക്ബർ സ്ഥാപിച്ച ചരിത്രപ്രസിദ്ധമായ ലഖിബാഗ് തോട്ടത്തിൽ നിന്നാണ് ഈ പേര് സ്വീകരിച്ചത്.

വരണ്ട കാലാവസ്ഥയും ഉപ്പുരസമുള്ള മണ്ണും നേരിടാൻ റിലയൻസ് നൂതന കൃഷി രീതികൾ അവതരിപ്പിച്ചു. ഭൂഗർഭജലം ശുദ്ധീകരിക്കുന്ന ഒരു ഡീസലൈനേഷൻ പ്ലാൻറിൻറെ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി റിലയൻസ് പ്രതികരിച്ചു. അതേസമയം, ഡ്രിപ്പ് ഇറിഗേഷനും മഴവെള്ള സംഭരണ സംവിധാനങ്ങളും സുസ്ഥിരമായ കൃഷിയും ഉയർന്ന വിളവും ഉറപ്പു നല്കി.അൽഫോൻസോ, കേസർ, സിന്ധു, അമ്രപാലി തുടങ്ങിയ ജനപ്രിയ ഇന്ത്യൻ മാമ്പഴ ഇനങ്ങളും ഫ്ളോറിഡയിൽനിന്നുള്ള ടോമി ആറ്റ്കിൻസ്, കെൻറ് തുടങ്ങിയ അന്താരാഷ്ട്ര ഇനങ്ങളും ഇസ്രയേലിൽനിന്നുള്ള കീറ്റ്, ലില്ലി, മായ എന്നിവയും ഈ തോട്ടത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു.

ഏകദേശം 600 ടൺ പ്രീമിയം മാമ്പഴങ്ങളുടെ വാർഷിക ഉൽപ്പാദനത്തോടെ, റിലയൻസ് ഇപ്പോൾ ഏഷ്യയിലെ മുൻനിര മാമ്പഴ കയറ്റുമതിക്കാരാണ്, പ്രാദേശിക, അന്തർദേശീയ വിപണികളിൽ വിതരണം ചെയ്യുന്നു.

# പ്രഥമ വെഡ്ഡിംഗ് ആൻഡ് മൈസ് കോൺക്ലേവിന് കെടിഎം സൊസൈറ്റി സമ്മേളനം ആഗസ്റ്റ് 14 മുതൽ 16 വരെ കൊച്ചിയിൽ

**കൊച്ചി:** വെഡിംഗ് ആൻഡ് മൈസ് ടൂറിസം (മീറ്റിംഗ്സ്, ഇൻസെന്റീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻസ് (എംഐസിഇ) രംഗത്തെ സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതിനും രാജ്യത്തെ വെഡിംഗ്മൈസ് ടൂറിസം ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിനുമായി പ്രഥമ വെഡിംഗ് ആൻഡ് മൈസ് കോൺക്ലേവ് കൊച്ചിയിൽ നടക്കും. സംസ്ഥാന സർക്കാരിൻറെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് സൊസൈറ്റിയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.ആഗസ്റ്റ് 14ന് വൈകീട്ട് അഞ്ചിന് ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്തിൽ ഉദ്ഘാടന സമ്മേളനം നടക്കും. 15, 16 തിയതികളിൽ കൊച്ചിയിലെ ലെ മെറഡിയനിലാണ് ആണ് വാണിജ്യ കൂടിക്കാഴ്ചകളും പ്രദർശനങ്ങളും നടക്കുന്നത്.

വെഡിംഗ് ആൻഡ് മൈസ് ടൂറിസം രംഗത്ത് രാജ്യത്തിൻറെ ഹബ്ബാക്കി കേരളത്തെ മാറ്റുമെന്ന് കെടിഎം 2024 ന്റെ ഉദ്ഘാടന വേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടർ ചർച്ചകളുടെ ഫലമായാണ് ഈ മേഖലയിലെ അന്താരാഷ്ട്ര സമ്മേളനം കേരളത്തിൽ നടത്താൻ ധാരണയായതെന്ന് സംസ്ഥാന ടൂറിസംപൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു.ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ അനുദിനം മാറിക്കൊണ്ടിരിക്കുന്ന പ്രവണതകൾക്കനുസരിച്ച് സംസ്ഥാനത്ത ടൂറിസം വ്യവസായത്തെ പരുവപ്പെടുത്തേണ്ടതുണ്ട്. ടൂറിസം രംഗത്ത് കേരളം മത്സരിക്കുന്നത് വിദേശരാജ്യങ്ങളുമായാണ്. അതിനാൽ തന്നെ അന്താരാഷ്ട്ര രംഗത്തെ മാറ്റങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും അതിനനുസരിച്ച് സ്വയം തയ്യാറെടുക്കുകയും വേണമെന്നും ഈ കാഴ്ചപ്പാടോടു കൂടിയാണ് വെഡിംഗ് ആൻഡ് മൈസ് ടൂറിസം സമ്മേളനം സംഘടിപ്പിക്കുന്നത്.

വെഡിംഗ് ആൻഡ് മൈസ് ടൂറിസം മേഖലയിലെ പ്രധാന കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. കൊച്ചി, മൂന്നാർ, കുമരകം, കൊല്ലം, കോവളം, തൃശൂർ, കോഴിക്കോട്, വയനാട്, ബേക്കൽ എന്നീ സ്ഥലങ്ങളിലെ മികച്ച അടിസ്ഥാന സൗകര്യങ്ങൾ മൈസ് സമ്മേളനങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും. ബീച്ചുകൾ, കായലുകൾ, മലനിരകൾ എന്നിവ കോർത്തിണക്കി വിവാഹ ടൂറിസം സംഘടിപ്പിക്കും. സാംസ്ക്കാരിക പൈതൃകം, പുരാതന വാസ്തുകല, രുചിയൂറുന്ന ഭക്ഷണ രീതികൾ എന്നിവയെല്ലാം സമ്മേളനത്തിൻറെ ആശയവുമായി കോർത്തിണക്കുമെന്നും അദ്ദേഹം പറഞ്ഞു.

വിവാഹ പ്ലാനിംഗ്, കോർപറേറ്റ് സമ്മേളനങ്ങൾ തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, വൻകിട കൺവെൻഷൻ സെൻററുകൾ, ടൂർ ഓപ്പറേറ്റർമാർ, എന്നിവരെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടു വരാൻ ഈ സമ്മേളനത്തിലൂടെ സാധിക്കുമെന്ന് കേരള ടൂറിസം ഡയറക്ടർ ശിഖാ സുരേന്ദ്രൻ പറഞ്ഞു. മൈസ്വെഡിംഗ് മേഖലയിൽ കേരളത്തിനെ ലോകത്തിന് പരിചയപ്പെടുത്താൻ ഇവർ വഴി സാധിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

വൻകിട മൈസ്വെഡിംഗ് കമ്പനികളുമായി ചേർന്ന് പരിശീലന കളരികൾ, നൂതന വിപണന തന്ത്രങ്ങൾ, ലോജിസ്റ്റിക്സ്, സാങ്കേതികവിദ്യാ വിന്യാസം എന്നിവ സംഘടിപ്പിച്ച് മൈസ് വെഡിംഗ് മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കെടിഎം സൊസൈറ്റി പ്രസിഡൻറ് ജോസ് പ്രദീപ് പറഞ്ഞു. സമ്മേളനത്തിൽ പങ്കെടുക്കുന്ന ബയർമാർക്ക് കേരളം മുന്നോട്ടു വയ്ക്കുന്ന മൈസ്വെഡിംഗ് ഡെസ്റ്റിനേഷനുകളിൽ സന്ദർശനം നടത്താം. കൊച്ചി, മൂന്നാർ, കുമരകം, കൊല്ലം, കോവളം, തൃശൂർ, കോഴിക്കോട്, വയനാട്, ബേക്കൽ എന്നീ സ്ഥലങ്ങളിലാണ് സന്ദർശനം സംഘടിപ്പിക്കുന്നത്.കേരളത്തിൻറെ മികച്ച ബീച്ചുകൾ, പൈതൃക മന്ദിരങ്ങൾ, കായൽ റിസോർട്ടുകൾ എന്നിവയ്ക്ക് പ്രത്യേക പ്രചാരം നൽകുമെന്ന് കെടിഎം സെക്രട്ടറി എസ് സ്വാമിനാഥൻ പറഞ്ഞു. വെഡിംഗ്മൈസ് ടൂറിസം മേഖലയിലെ പ്രദർശനമാണ് പ്രധാന ആകർഷണം. ഹോട്ടലുകൾ, റിസോർട്ടുകൾ, സമ്മേളന സ്ഥലങ്ങൾ, സമ്മേളന സംഘാടകർ, സാങ്കേതിക പ്രവർത്തകർ എന്നിവരായിരിക്കും മൈസ് മേഖലയിലെ പ്രദർശനങ്ങൾ നടത്തുന്നത്. വിവാഹ സംഘാടകർ, ആഡംബര റിസോർട്ടുകൾ, ഡെസ്റ്റിനേഷൻ വെഡിംഗ് സ്ഥലങ്ങൾ, പുഷ്പാലങ്കാരം, ഫോട്ടോഗ്രഫി, കാറ്ററിംഗ്, ബ്രൈഡൽ സർവീസുകൾ എന്നിവർക്കാകും വെഡിംഗ് മേഖലയിലെ പ്രദർശനത്തിൽ അവസരം ലഭിക്കുന്നത്.രാവിലെ ഒമ്പതര മുതൽ വൈകീട്ട് അഞ്ചര മണി വരെയുള്ള വാണിജ്യ കൂടിക്കാഴ്ചകൾക്ക് പുറമെ ഈ രംഗത്തെ അന്താരാഷ്ട്ര വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകളും നടക്കും.

# ക്വാളിറ്റി കെയറിന്റെ 5% ഉടമസ്ഥാവകാശം ഏറ്റെടുത്ത് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

**കൊച്ചി :** രാജ്യത്തെ മുൻനിര ആരോഗ്യപരിചരണ സേവന ശൃംഖലയായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെയും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റേയും ലയന നടപടികൾക്ക് തുടക്കമായി. ആദ്യഘട്ടമായി ഓഹരിക്കൈമാറ്റ വ്യവസ്ഥയിൽ 5% ഷെയറുകൾ ഏറ്റെടുത്തു. ബിസിപി ഏഷ്യ കക ടോപ്കോ കഢ പ്രൈവറ്റ് ലിമിറ്റഡ്, സെന്റല്ല മൗറീഷ്യസ് ഹോൾഡിങ്സ് ലിമിറ്റഡ് എന്നീ മാതൃസ്ഥാപനങ്ങളിൽ നിന്നാണ് ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റെ ഓഹരികൾ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഏറ്റെടുത്തത്. 2024 നവംബറിലാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെയും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡിന്റേയും ലയനം പ്രഖ്യാപിച്ചത്.

849.13 കോടി രൂപ മൂല്യമുള്ള ക്യൂ.സി.ഐ.എല്ലിന്റെ 1,90,46,028 ഇക്വിറ്റി ഷെയറുകളാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന് കൈമാറിയത്. പകരം ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ 1,86,07,969 ഷെയറുകൾ ഒന്നിന് 10 രൂപ നിരക്കിൽ ബിസിപി, സെന്റല്ല കമ്പനികൾക്കും നൽകി. പൂർണമായും ഓഹരികൾ മാത്രം ഉപയോഗിച്ചുള്ള പണരഹിത ഇടപാടാണ് നടന്നത്.

ബി.എസ്.ഇ ലിമിറ്റഡ്, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ്, കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്നിവയുടെ അനുമതിയോടെയാണ് ഓഹരിക്കൈമാറ്റത്തിന് തുടക്കമിട്ടത്. ഇരുസ്ഥാപനങ്ങളിലെയും നിക്ഷേപകരെയും വിശ്വാസത്തിലെടുത്ത ശേഷമായിരുന്നു നീക്കം. ഇപ്പോൾ നടന്നിട്ടുള്ള ഓഹരിക്കൈമാറ്റം പ്രാബല്യത്തിൽ വരുന്നതിനും മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ അന്തിമഘട്ട അനുമതി ആവശ്യമാണ്.ഇന്ത്യയിലെ ഏറ്റവും ശക്തമായ ആരോഗ്യസേവന ശൃംഖലയായി മാറുന്നതിനുള്ള യാത്രയിലെ നിർണായക ചുവടുവെയ്പ്പാണ് ഈ ഓഹരിക്കൈമാറ്റമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. വിപണിയിൽ ഏറെ തന്ത്രപ്രധാനമായ നീക്കമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറും ക്യൂ.സി.ഐ.എല്ലും തമ്മിലുള്ള ലയനം. അതിലേക്കുള്ള ആദ്യ പടിയാണ്

ഇപ്പോഴത്തെ ഓഹരിക്കൈമാറ്റമെന്നും അദ്ദേഹം പറഞ്ഞു.

പുതുതായി ഇഷ്യൂ ചെയ്തിട്ടുള്ള ഷെയറുകൾക്ക് ആസ്റ്ററിന്റെ നിലവിലെ ഓഹരികളുടെ അതേ മൂല്യവും ഉടമസ്ഥാവകാശവും തന്നെയാകും ഉണ്ടാവുക.നിയമപ്രകാരമുള്ള അനുമതികൾ കിട്ടിക്കഴിഞ്ഞാൽ ലയനം പൂർത്തിയാകും. പിന്നെ 'ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ' എന്നായിരിക്കും സ്ഥാപനം അറിയപ്പെടുക. ആസ്റ്ററിനും ബിസിപിക്കും ഒരുമിച്ചായിരിക്കും പിന്നീടുള്ള നിയന്ത്രണാവകാശം.

# ഇൻസ്പയറിങ് യങ് വിമൺ അവാർഡിന് അപേക്ഷിക്കാം

**കൊച്ചി:** മരട് സെന്റ് ജാന്നാ ചർച്ച് ഏർപ്പെടുത്തിയ ഫാ.ചെറിയാൻ നേരേവീട്ടിൽ ഇൻസ്പയറിങ് യങ് വിമൺ അവാർഡ് 2025ന് അപേക്ഷകൾ ക്ഷണിച്ചു. ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളോടും വെല്ലുവിളികളോടും സധൈര്യം പൊരുതി സമൂഹത്തിന് പ്രചോദനമേകുന്ന 18നും 35നും ഇടയിൽ പ്രായമുള്ള യുവതികളെയാണ് ജാതിമത ഭേദമന്യേ അവാർഡിന് പരിഗണിക്കുക. മരട് ജാന്നാ ഇടവക വികാരിയായിരുന്ന ഫാ.ചെറിയാൻ നേരേവീട്ടിലിന്റെ സ്മരണക്കായാണ് 25,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം നൽകുന്നത്. യുവതികൾക്ക് നേരിട്ടോ, നാമനിർദേശം വഴിയോ അപേക്ഷകൾ അയക്കാം. ജനപ്രതിനിധികൾ, മതസമുദായ നേതാക്കൾ, സംഘടന ഭാരവാഹികൾ, അധ്യാപകർ തുടങ്ങിയ ആരുടെയെങ്കിലും സാക്ഷ്യപത്രത്തോട് കൂടിയുള്ള അപേക്ഷ മെയ് 15ന് മുമ്പായി stgiannachurchekm@gmail.com എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 9544437442

# ഓപ്പോ എ5 പ്രോ 5ജി ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഓപ്പോ ഇന്ത്യ ഇന്ത്യയിൽ ഓപ്പോ എ5 പ്രോ 5ജി അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഓപ്പോയുടെ ഇന്നൊവേഷൻ പാരമ്പര്യത്തിന്റെ തെളിവായി മുൻനിര ഐപി69, ഐപി68, പി 66 സർട്ടിഫിക്കേഷനുമായി സജ്ജീകരിച്ചിരിക്കുന്നു, മീഡിയടെക് ഡൈമെൻസിറ്റി 6300 മൊബൈൽ പ്ലാറ്റ്ഫോം, 50എംപി അൾട്രാക്ലിയർ മെയിൻ ക്യാമറ, സുഗമമായ പ്രകടനം കാഴ്ചവെക്കുന്നു.5,800എംഎച്ച് ബാറ്ററിയുടെ, പിന്തുണ, , എഐ ഗെയിംബൂസ്റ്റ് ഗെയിമിംഗിനെയും അടുത്ത തലത്തിലേക്ക് കൊണ്ടുപോകുന്നു. മോച്ച ബ്രൗൺ, ഫെതർ ബ്ലൂ കളർ വേരിയൻറുകളിൽ ലഭ്യമായ ഓപ്പോ എ5 പ്രോ 5ജി 17,999 രൂപയിൽ നിന്ന് ആരംഭിക്കുന്നു.

# മൾട്ടി ക്യാപ് ഫണ്ട് അവതരിപ്പിച്ച് യുടിഐ

**കൊച്ചി:** ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലായി നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡഡ് ഇക്വിറ്റി പദ്ധതിയായ യുടിഐ മൾട്ടി ക്യാപ് ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ മെയ് 13 വരെ നടക്കും. കുറഞ്ഞത് 1,000 രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. നിഫ്റ്റി 500 മൾട്ടിക്യാപ് 50:25:25 ടിആർഐ ആണ് പദ്ധതിയുടെ അടിസ്ഥാന സൂചിക.ഫണ്ടിന്റെ ആസ്തികളുടെ കുറഞ്ഞത് 25 ശതമാനം വീതമെങ്കിലും ഓരോ വിപണി ഘട്ടങ്ങളിലും നിക്ഷേപിക്കുന്നത് വൈവിധ്യവൽക്കരണം നൽകും. സുസ്ഥിരമായ ബിസിനസുകൾ, ശക്തമായ അടിസ്ഥാനമുള്ള കമ്പനികൾ എന്നിവയിൽ ആകർഷകമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാവും നിക്ഷേപം.മികച്ച നിക്ഷേപ പദ്ധതികൾ ലഭ്യമാക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് യുടിഐ മൾട്ടി ക്യാപ് ഫണ്ട് എന്ന് യുടിഐ എഎംസി ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ വെട്രി സുബ്രഹ്മണ്യം പറഞ്ഞു.

## കാനറ എച്ച്എസ്ബിസി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** കാനറ എച്ച്എസ്ബിസി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടു രേഖ സമർപ്പിച്ചു. പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും പത്ത് രൂപ മുഖവിലയുള്ള 23.75 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാനറ ബാങ്കും എച്ച്എസ്ബിസി ഇൻഷുറൻസുമാണ് കമ്പനിയുടെ പ്രമോട്ടർമാർ.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എസ്ബിഐ കാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് & കാപ്പിറ്റൽ മാർക്കറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# നത്തിംഗ് സിഎംഎഫ് ഫോൺ 2 പ്രോ ഉൾപ്പെടെ നാലുപകരണങ്ങൾ പുറത്തിറക്കുന്നു

**കൊച്ചി:** ലണ്ടൻ ആസ്ഥാനമായുള്ള ടെക്നോളജി കമ്പനിയായ നത്തിംഗിന്റെ ഉപ ബ്രാൻഡായ സിഎംഎഫ് സിഎംഎഫ് ഫോൺ 2 പ്രോ, ബഡ്സ് 2, ബഡ്സ് 2 പ്ലസ്, ബഡ്സ് 2 എ എന്നീ നാല് ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതായി അറിയിച്ചു. സവിശേഷമായ മൂന്ന് ക്യാമറ സിസ്റ്റം, കൂടുതൽ തിളക്കമുള്ള ഡിസ്പ്ലേ, പ്രീമിയം ഡിസൈൻ എന്നിവയുള്ള സിഎംഎഫ് ഫോൺ 2 പ്രോ 7.8 മില്ലീമീറ്റർ കനവും185 ഗ്രാം മാത്രം ഭാരമുള്ളതുമാണ്. വെള്ള, കറുപ്പ്, ഓറഞ്ച്, ഇളം പച്ച എന്നീ നാല് നിറങ്ങളിൽ ഈ മോഡൽ ലഭ്യമാണ്.പുതുതായി അപ്ഗ്രേഡ് ചെയ്ത മീഡിയടെക് ഡൈമെൻസിറ്റി 7300 പ്രോ 5 ജി പ്രോസസർ സിഎംഎഫ് ഫോൺ 1നെ അപേക്ഷിച്ച് 10% വേഗത്തിലുള്ള പ്രോസസ്സിംഗും ഗ്രാഫിക്സിൽ 5% മെച്ചപ്പെടുത്തലും നൽകുന്നു. ഫോൺ 1നേക്കാൾ ഒരു മണിക്കൂർ കൂടുതൽ നീണ്ടുനിൽക്കുന്ന 5000 എംഎഎച്ച് ബാറ്ററിയുള്ള



സിഎംഎഫ് ഫോൺ 2 പ്രോ ഒരൊറ്റ ചാർജിൽ രണ്ട് ദിവസം അനായാസം പ്രവർത്തിക്കുമെന്ന് കമ്പനി പറയുന്നു. 1.07 ബില്യൺ നിറങ്ങളുള്ള 6.77 ഇഞ്ച് എഫ്എച്ച്ഡി + ഫ്ലെക്സിബിൾ അമോലെഡ് ഡിസ്പ്ലേ, അൾട്രാ എച്ച്ഡിആർ ശേഷി, 3000 നിറ്റികളുടെ പീക്ക് തെളിച്ചം എന്നിവയാണ് ഫോണിന്റെ പ്രധാന ഫീച്ചറുകൾ.

8+128 ജിബി 17,999 രൂപ (ബാങ്ക് അല്ലെങ്കിൽ എക്സ്ചേഞ്ച് ഓഫറുകൾ ഉൾപ്പെടെ), 8+256 ജിബി 19,999 രൂപ എന്നിങ്ങനെ ഫോൺ 2 ലഭിക്കുന്നു. മെയ് 5ന് ഒരു പ്രത്യേക ആമുഖ ഓഫറായി, സിഎംഎഫ് ഫോൺ 2 പ്രോ 8 + 128 ജിബി വേരിയന്റിന് 16,999 രൂപയ്ക്കും 8 + 256 ജിബി വേരിയന്റിന് 18,999 രൂപയ്ക്കും ലഭ്യമാകും. സിഎംഎഫ് ഫോൺ 2 പ്രോ 2025 മെയ് 5 മുതൽ ഫ്ലിപ്കാർട്ട്, ഫ്ലിപ്കാർട്ട് മിനിറ്റ്സ്, വിജയ് സെയിൽസ്, ക്രോമ, എല്ലാ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ വിൽപനയ്ക്കെത്തും.

സിഎംഎഫ് ബഡ്സ് 2, ബഡ്സ് 2 പ്ലസ്, ബഡ്സ് 2 എ എന്നിവ 2025 രണ്ടാം പാദത്തോടെ ഇന്ത്യയിൽ ലഭ്യമാകുമെന്ന് കമ്പനി അറിയിച്ചു.

# ഡോ. റെഡ്ഡീസ് ലാബോറട്ടറീസും സാനോഫി ഹെൽത്ത്കെയറും കൈകോർക്കുന്നു

**കൊച്ചി:** ലോക പ്രതിരോധ വാരാഘോഷത്തിന്റെ ഭാഗമായി, ആഗോള ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ഡോ. റെഡ്ഡീസ് ലാബോറട്ടറീസ് ലിമിറ്റഡ് സാനോഫി ഹെൽത്ത് കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി തങ്ങളുടെ പങ്കാളിത്തം വിപുലീകരിച്ച് ഇന്ത്യയിൽ നവീനമായ ഒരു മരുന്നായ ബെഫോർട്ടസ് (നിർസെവിമാബ്) അവതരിപ്പിക്കുന്നു. ബെഫോർട്ടസിൽ എന്നത് മുൻകൂട്ടി നിറച്ചു വെച്ച (പ്രീഫിൽഡ്) ഇഞ്ചക്ഷൻ രൂപത്തിൽ നിർസെവിമാബ് എന്ന മോണോക്ലോണൽ ആന്റിബോഡി അടങ്ങിയതാണ്. നവജാതശിശുക്കളിലും ആദ്യത്തെ ആർഎസ് വി സീസണിൽ ജനിക്കുന്നതോ അതിൽ പ്രവേശിക്കുന്നതോ ആയ ശിശുക്കളിലും ശ്വാസകോശത്തെ ബാധിക്കുന്ന ആർഎസ്എവി താഴ്ന്ന ശ്വാസനാള രോഗം തടയുന്നതിനായി ഇത് ഉപയോഗിക്കുന്നു. രണ്ടാം ആർഎസ്വി സീസണിലും ഗുരുതരമായ ആർഎസ്വി രോഗത്തിന് ഇരയാകാൻ സാധ്യതയുള്ള 24 മാസം വരെയുള്ള കുട്ടികളിലും ഇത് നൽകപ്പെടുന്നുവെന്ന് കമ്പനി അധികൃതർ പറഞ്ഞു.




# എഡ്ജ് മിനികൂൾ അവതരിപ്പിച്ച് ഗോദ്റെജ്

**കൊച്ചി:** കടുത്ത ചൂടും വീടുകൾക്കുള്ള പലവിധത്തിലുള്ള കൂളിങ് സംവിധാനങ്ങൾക്കും പ്രാധാന്യം നൽകി ഗോദ്റെജ് അപ്ലയൻസസ് എയർ കൂളർ വിഭാഗത്തിൽ വ്യക്തിഗത കോംപാക്റ്റ് റൂം കൂളർ 'എഡ്ജ് മിനികൂൾ' അവതരിപ്പിച്ചു.എളുപ്പത്തിൽ കൊണ്ടുപോകാൻ കഴിയുന്നതും, ആകർഷകമായ രൂപഭംഗിയുള്ളതും, കാര്യക്ഷമവുമായ ഏറെ ഡിമാൻഡ് ഉള്ള ഉൽപ്പന്നമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിൻറെ അപ്ലയൻസസ് ബിസിനസ് വിഭാഗത്തിലെ ബിസിനസ് ഹെഡും എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ കമൽ നന്തി പറഞ്ഞു.എഡ്ജ് മിനി കൂൾ വലുപ്പം കുറഞ്ഞ, ഒതുങ്ങിയ, സൗകര്യപ്രദവുമായ എയർകൂളറാണ്. വീട്ടിൽ തണുപ്പ് ആവശ്യമായ എവിടെയും ഉപയോഗിക്കാവുന്നതാണ്. വെള്ളത്തിൻറെ അളവ് കാണിക്കുന്ന 37 ലിറ്റർ വാട്ടർ ടാങ്കാണ് ഉള്ളത്. അധിക തണുപ്പ് നൽകുന്ന ഇൻബിൽറ്റ് ഐസ് ചേമ്പറും ഇതിനുണ്ട്. അഞ്ച് ബ്ലേഡ് ഏറോ ഡയനാമിക്ക് 12 ഇഞ്ച് ഫാൻ മികച്ച എയർ ഫ്ളോ നൽകുന്നു. മൂന്ന് വശങ്ങളിൽ നിന്നും വായു വലിച്ചെടുക്കാനുള്ള സംവിധാനം മികച്ച കൂളിങ് നൽകുന്നു.കൂടുതൽ സൗകര്യപ്രദവും വൃത്തിയും ഉറപ്പാക്കുന്നതിനായി ആരോഗ്യകരമായ, മണമില്ലാത്ത ആന്റി ബാക്റ്റീരിയൽ ഹണി കോമ്പ് കൂളിങ് പാഡുകൾ ഇതിൻറെ സവിശേഷതയാണ്. ഇത് ശുദ്ധവും ആരോഗ്യപ്രദവും പുതുമയുള്ളതുമായ വായു നൽകുന്നു.പമ്പിൻറെയും ഫാൻ മോട്ടോറിൻറെയും അധിക ചൂട് തടയുന്നതിനുമായി ഈടുറ്റ രൂപകൽപ്പനയാണ് നൽകിയിട്ടുള്ളത്. അനായാസം കൊണ്ടു നടക്കുന്നതിനായി ടയറുകളും ബ്രേക്കുകളുമുണ്ട്.ആകർഷകമായ വൈൻ റെഡ്, ഡാർക്ക് ഗ്രേ നിറങ്ങളിൽ ഗോദ്റെജ് എഡ്ജ് മിനികൂൾ ലഭ്യമാണ്. ഇന്ത്യയിലുടനീളം 10490 രൂപയിലാണ് വില ആരംഭിക്കുന്നത്. ഒരു വർഷത്തെ വാറൻറിയുണ്ട്. ഡൗൺപേയ്മെൻറ് ഇല്ലാതെ ലളിതമായ ഇഎംഐയിലും വാങ്ങാം.

# സ്ഥിരനിക്ഷേപ പലിശ നിരക്കുകൾ പുതുക്കി ശ്രീറാം ഫിനാൻസ്

**കൊച്ചി:** ശ്രീറാം ഗ്രൂപ്പിന് കീഴിലുള്ള മുൻനിര ധനകാര്യ സ്ഥാപനമായ ശ്രീറാം ഫിനാൻസ് പുതുക്കിയ പലിശ നിരക്കുകൾ പ്രഖ്യാപിച്ചു. പുതുക്കിയ നിരക്ക് പ്രകാരം, വിവിധ കാലയളവിലേക്കുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് 7.65 ശതമാനം മുതൽ 9.93 ശതമാനം വരെ പലിശ ലഭിക്കും. 60 മാസത്തെ നിക്ഷേപങ്ങൾക്കാണ് ഉയർന്ന പലിശയായ 9.93 ശതമാനം ലഭിക്കുക. മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങളിൽ 0.50 ശതമാനം അധിക പലിശ ലഭിക്കും. നിക്ഷേപങ്ങൾ പുതുക്കുന്നവർക്കും അധിക പലിശ ലഭിക്കും. സ്ത്രീ നിക്ഷേപകരുടെ പലിശ നിരക്കിൽ 0.10 ശതമാനത്തിന്റെ അധിക പലിശയും ഏർപ്പെടുത്തിയിട്ടുണ്ട്. പുതുക്കുന്ന എല്ലാ സ്ഥിരനിക്ഷേപങ്ങൾക്കും വാർഷിക നിരക്കിൽ 0.25 ശതമാനത്തിന്റെ അധിക നേട്ടമുണ്ടാകും.

പുതിയ നിക്ഷേപങ്ങൾക്ക് പുറമെ, 10 കോടി രൂപവരെ പുതുക്കുന്ന നിക്ഷേപങ്ങൾക്കും ഈ പലിശ നിരക്ക് ബാധകമായിരിക്കും. നിക്ഷേപ പദ്ധതികൾക്കനുസരിച്ച് പലിശ നിരക്കുകളിൽ മാറ്റം വരും. മുൻനിര ധനകാര്യ സ്ഥാപനങ്ങളിൽ ഏറ്റവും വിശ്വാസയോഗ്യമായ സ്ഥിരനിക്ഷേപ പദ്ധതിയാണ് ശ്രീറാം ഫിനാൻസിന്റേത്.

# പുതിയ ശേഖരവുമായി പ്ലാറ്റിനം ഗിൽഡ്

**കൊച്ചി :** ഈ അക്ഷയ തൃതീയക്ക് ഗിൽഡിന്റെ പ്രത്യേക പ്ലാറ്റിനം കളക്ഷനുകൾ വിപണിയൽ . പരമ്പരാഗത ഡി സൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കും പുരുഷന്മാർക്കു മായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റു കൾ, ചെകൾ കമ്മലുകൾ, നെക്ളേസുകൾ തുടങ്ങി ദാമ്പതികൾക്കായി തയ്യാറാക്കിയിരിക്കുന്നതായി കമ്പനി അധികൃതർ അറിയിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com